# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3934 24/06/2014-ൽ മറുപടിക്ക്

### ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. പി.റ്റി.എ. റഹീം : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകാൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ഉണ്ട്. 03.09.2013 ലെ സ.ഉ (എം.എസ്) നം. 68/13/പജപവവിവ, 23.10.2013 ലെ സ.ഉ. (എം.എസ്) നം. 84/13/പജപവവിവ എന്നിവ പ്രകാരം, ഭൂരഹിതരായ ആദിവാസികൾക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും സ്ഥലത്തിന്റെ വില 10 ലക്ഷം രൂപയിൽ അധികരിക്കാതെ ഭൂമി വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് അവർതന്നെ ഭൂമി കണ്ടെത്തണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; | ബി | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവർ ആഗ്രഹിക്കുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങുന്നതിനു സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അതിനാലാണ് അവർ തന്നെ ഭൂമി കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര പേർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി | പ്രസ്തുത പദ്ധതിയനുസരിച്ച്, ഭൂമി കണ്ടെത്തിയ 72 കുടുംബങ്ങൾക്കായി 25.55 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. 735 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ കണ്ടെത്തിയ ഭൂമി, ഭൂവില നിശ്ചയിച്ച് വാങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| ഡി | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് അഴിമതിയ്ക്ക് കാരണമാകും എന്ന ആക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ? | ഡി | ടി പദ്ധതി പ്രകാരം കണ്ടെത്തിയ ഭൂമിയുടെ വില ഭൂ ഉടമകളുമായി ധാരണയിലെത്തിയശേഷം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ബന്ധപ്പെട്ട തഹസീൽദാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിച്ച് ഭൂവില നിശ്ചയിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ